# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3998 — 19.03.2018 -ൽ മറുപടിയ്ക്ക്

ഭവന നിർമ്മാണ വകുപ്പിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഭവന നിർമ്മാണ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ? | (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. ഗൃഹശ്രീ ഭവന പദ്ധതി<br><br>സ്വന്തമായി 2/3 സെന്റ് ഭൂമിയുള്ള ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽ പ്പെട്ടവർക്ക് സന്നദ്ധസംഘടന/ എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ പരമാവധി 83 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ഒരു വീടിന് 4,00,000/- രൂപ നിർമ്മാണ ചെലവിൽ 1,00,000/- രൂപ ഗുണഭോക്തൃ വിഹിതവും 1,00,000/- രൂപ സന്നദ്ധ സംഘടന വിഹിതവുമാണ്.<br><br>2. സാഫല്യം ഭവന പദ്ധതി<br><br>സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണ ത്തോടെയും സർക്കാർ/പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഭവന പദ്ധതി യാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് . ഫ്ലാറ്റൊന്നിന് 3.5 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 2 ലക്ഷം രൂപ സബ്സിഡിയും 1 ലക്ഷം രൂപ വായ്പയും 25,000 രൂപ വീതം ഗുണഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവുമാണ്. |

3. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധന സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് (വാണിജ്യ സമുച്ചയ പദ്ധതികൾ)

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പനവില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

Sobha

സെക്ഷൻ ഓഫീസർ